# ഉപ്പായി, പ്രകാശമായി 150 വർഷം

"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു....ഉറ കെട്ടുപോയാൽ ഉപ്പിന് എങ്ങനെ വീണ്ടും ഉറകൂട്ടും"? രണ്ടായിരം വർഷങ്ങൾക്ക് മുൻപ് മുഴങ്ങിക്കേട്ട ഒരു വചനം മാത്രമല്ല ഇത്. ഇന്നും പ്രപഞ്ചത്തിൽ അലയടിക്കുന്ന ദിവ്യവചനത്തിന്റെ പ്രഭയേറിയ തരംഗവീചികളാണ്. തന്റെ മരണത്തിലൂടെ മറ്റുള്ളവർക്ക് ജീവൻ നല്കിയ നാഥന്റെ മൊഴികളുടെ സാരം ഗ്രഹിച്ചവരെല്ലാം സ്വയനിഗ്രഹത്തിന്റെ പാത തേടി, പ്രകടനങ്ങളില്ലാതെ ഉപ്പായി അലിഞ്ഞുതീർന്ന് കൂടെയുള്ളവർക്കും സമൂഹത്തിനും രുചിയേകി. നാഥന്റെ മൊഴികളിൽ അടങ്ങിയ സാരം മുഴുവനും ജീവിതത്തിൽ സ്വാംശീകരിച്ച മദർ ഏലീശ്വ, പത്തൊൻപതാം നൂറ്റാണ്ടിലെ കേരളസഭയിൽ സന്ന്യാസിനികൾക്ക് മുന്നോടിയായി, മാതൃകയായി, വരുംതലമുറകൾക്ക് വെളിച്ചമായി. ഉപ്പിന്റെ ഉറകെട്ടുപോയാൽ അത് പ്രയോജനശൂന്യമാണെന്ന തിരിച്ചറിവിൽ ഉറകെടാതെ സൂക്ഷിച്ച ഈ സന്ന്യാസിനിയുടെ ഏളിയ ജീവിതത്തിൽ ദൈവം മെനഞ്ഞ അത്ഭുതകരമായ പദ്ധതിയുടെ ചുരുളഴിയലാണ് സി.റ്റി.സി., സി.എം.സി സന്ന്യാസിനീസഭകളുടെ സംസ്ഥാപനചരിത്രം. 1866-ൽ കേരളത്തിലെ ആദ്യസന്ന്യാസിനീസഭയായി കൂനമ്മാവിലെ പനമ്പുമഠത്തിൽ മദർ ഏലീശ്വ ആരംഭിച്ച കർമലീത്തനിഷ്പാദുക മൂന്നാം സഭ ഇന്ന് സംസ്ഥാപനത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുമ്പോൾ സി.റ്റി.സി., സി.എം.സി., സന്ന്യാസിനികൾക്ക് ഇന്നോളം തങ്ങൾ അനുഭവിച്ച ദൈവകരുണയ്ക്കും പരിപാലനയ്ക്കും കൃതജ്ഞതയർപ്പിക്കാനുള്ള ജൂബിലി വർഷമാണ്.

ഉപ്പിന്റെ ധർമ്മങ്ങൾ ഏറെയാണ്. ഉപ്പ് എന്തിനോട് ചേർത്താലും അത് അതിൽ ലയിച്ച് അപ്രത്യക്ഷമാകും, ഉപ്പിന്റെ രൂപവും ഭാവവും ഒക്കെ അപ്രത്യക്ഷമാകുമ്പോൾ അത് പുതുരുചിയായി പടരും. ഒളിക്കപ്പെട്ട ജീവിതങ്ങൾക്ക് പ്രതീകമായി നാഥൻ നല്കിയ ഉപമ എത്ര ശ്രേഷ്ഠം. സ്വാഭീഷ്ടത്തെ ത്യജിച്ച്, ശൂന്യതയിലേക്കിറങ്ങി, ഫലദായകത്വത്തിന്റെ ജീവിതം വഴി കൂടെയുള്ളവരുടെയും ബന്ധപ്പെടുന്നവരുടെയും വിദൂരതയിലായിരിക്കുന്നവരുടെയും ജീവിതത്തിൽ പുതു രുചിയേകി മറഞ്ഞിരിക്കുന്ന വ്യക്തിത്വങ്ങളാണ് എക്കാലവും സഭയുടെ മനോഹാരിത. നിറയെ ഇലചൂടി, ഫലശൂന്യത മറച്ചുവയ്ക്കുന്ന അത്തിമരങ്ങളെപ്പോലെ ആത്മീയ ശുഷ്ക്കതയിലും ഫലദായകത്വത്തിന്റെ പ്രകടനം കാഴ്ച്ചവയ്ക്കുന്ന ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. അകം പൊള്ളയാവുമ്പോഴും പുറമെ ആത്മീയതയുടെ പരിവേഷം ചാർത്തുന്ന ആചാരങ്ങളും ആഘോഷങ്ങളും മാധ്യമപ്രചാരണങ്ങളുമൊക്കെയായി സൃഷ്ടിച്ചെടുക്കുന്ന ഒരു മാസ്മരികതയിൽ ഫലശൂന്യത ഒളിക്കപ്പെടുന്നു. 2000 വർഷങ്ങൾക്കുമുൻപ് പ്രകടനം ലേശം പോലും തീണ്ടാതെ അത്മീയ പരിവേഷത്തിന്റെ പൂരിമയിൽ നാഥൻ പ്രഘോഷിച്ചു. "നിങ്ങളിലെ ഉപ്പിന്റെ ഉറകെട്ടുപോകാതെ സൂക്ഷിക്കുവിൻ, ഉറ കെട്ടുപോയാൽ പുറത്തേക്ക് വലിച്ചെറിഞ്ഞു മനുഷ്യരാൽ ചവിട്ടപ്പെടാനല്ലാതെ മറ്റൊന്നിനും കൊള്ളുകയില്ല". അന്നും ഇന്നും ഈ വചനം അത്മാവിൽ സ്വീകരിച്ച് 100 മേനി ഫലം പുറപ്പെടുവിക്കുന്നവർ തങ്ങളുടെ സഹനത്തിലൂടെ സഭയ്ക്കും സമൂഹത്തിനും ലോകത്തിനും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കൂട്ടായ്മയുടെയും പുതുരുചിയേകി ജീവൻ പകരുന്നുണ്ട്.

പോപ്പ് ഫ്രാൻസീസ് പരയുന്നു, "സമർപ്പിതർ ലോകത്തെ ഉണർത്താനുള്ളവരാണ്". ഓരോ കാലഘട്ടത്തിലും, ഉണർവ്വുള്ളവർക്കും ലോകത്തെ ഉണർത്താനും സാക്ഷ്യജീവിതം നയിക്കാനും കഴിയുന്നവർക്കുമാണ് ഉപ്പാകാൻ സാധിക്കുക, ഉപ്പിന്റെ ഉറ കെടാതെ സൂക്ഷിക്കാനാകുക. ഉപ്പ് ഭക്ഷണം കേടാവാതെ സൂക്ഷിക്കുന്നതുപോലെ സമൂഹത്തിലെ നന്മ നഷ്ടപ്പെട്ടാതെ സൂക്ഷിക്കുന്ന ഉപ്പായി സമർപ്പിതവ്യക്തി മാറണമെന്ന ആഹ്വാനമാണ് നാം കേൾക്കുക. ഉപ്പിന് സൗഖ്യം പകരാനുള്ള കഴിവും ഉണ്ട്. ഇങ്ങനെ പലവിധ കഴിവുകളുണ്ടെങ്കിലും ഉപ്പ് മറഞ്ഞിരുന്നുകൊണ്ടുതന്നെ രുചിയും സൗഖ്യവും നല്കുകയും വസ്തുക്കളിലെ നന്മയെ സംരക്ഷിക്കുകയും ചെയ്യുന്നതുപോലെ 19-ാം നൂറ്റാണ്ടിൽ മദർ ഏലീശ്വയുടെ ജീവിതം കർശനമായ ആവൃതിക്കുള്ളിൽ, വിദൂരമായ ഒരു ദ്വീപിൽ ആയിരുന്നെങ്കിലും സമൂഹത്തിന് പുതുരുചിപകരാനും നന്മയെ സംരക്ഷിക്കാനും, സുഖപ്പെടുത്താനും കഴിഞ്ഞത് നാഥന്റെ മൊഴികളിൽ മുഴങ്ങിയ ഉപ്പിന്റെ ധർമ്മം വ്യക്തമായി ഗ്രഹിച്ചതിനാലാണ്. .

19-ാം നൂറ്റാണ്ടിൽ ആദ്യമായി കേരളസഭയിൽ സന്ന്യാസ സഭകൾ രൂപപ്പെട്ടത് ആത്മീയ സാംസ്ക്കാരിക സാമൂഹ്യ ഉന്നമനത്തിന് വഴി തെളിച്ചു. ഇന്ന് കേരളത്തിൽ കോൺവെന്റുകളും കോൺവെന്റ് സ്കൂളുകളും സുലഭമാണ്. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി വരെ കേരളത്തിൽ കോൺവെന്റുകളോ കോൺവെന്റ് സ്കൂളുകളോ ഉണ്ടായിരുന്നില്ല എന്ന യാഥാർഥ്യം മനസ്സിലാക്കുമ്പോൾ കേരളത്തിലെ ആദ്യ സന്ന്യാസിനീസഭയുടെ സ്ഥാപിക ദൈവദാസി മദർ ഏലീശ്വയുടെ ഓർമ്മ വളരെ ശ്രേഷ്ഠമാണ്. 1831 ഒക്ടോബർ 15-ന്, തൊമ്മൻ-താണ്ട ദമ്പതികളുടെ എട്ടുമക്കളിൽ ആദ്യസന്താനമായി ഓച്ചന്തുരുത്തിലെ ക്രൂസ് മിലാഗ്രിസ് ഇടവകയിലെ വൈപ്പിശ്ശേരി കുടുംബത്തിലാണ് ഏലീശ്വ ജനിച്ചത്. 19-ാം നൂറ്റാണ്ടിൽ, സമൂഹത്തിന്റെ പരിമിതികൾക്കുള്ളിൽ സ്ത്രീ സ്വതന്ത്രയായിരുന്നില്ല, എങ്കിലും വിവാഹത്തിനും ഹ്രസ്വമായ കുടുംബജീവിതത്തിനും ശേഷം, 20 വയസ്സു മാത്രം ഉള്ള ഒരു യുവ വിധവയും അമ്മയുമായ ഏലീശ്വാമ്മ മാറിചിന്തിക്കാനും ദൈവശുശ്രൂഷയിലൂടെ ജനങ്ങളെ സേവിക്കാനും തീരുമാനിച്ച ഒരു വലിയ ത്യാഗത്തിന്റെ 150 വർഷങ്ങൾ പൂർത്തിയാകുന്ന അവസരത്തിലാണ് നമ്മൾ ഇന്ന്. ഈ നൂതന കാല്വയ്പ്പും സ്വന്തം സുഖവും സന്തോവുമൊക്കെ ത്യജിക്കാനുള്ള ധീരതയും പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങളോടുള്ള പൂർണ്ണമായ തുറവിയും വിധേയത്വവും കേരളസഭ എന്നും ഓർക്കേണ്ടതാണ്, സമർപ്പിതർ മാതൃകയാക്കേണ്ടതാണ്.

1866 ഫെബ്രുവരി 13-ന്, കൂനമ്മാവിലെ തന്റെ പറമ്പുകളിലൊന്നിൽ പണിതുയർത്തിയ ഒരു പനമ്പുമഠത്തിൽ, ദൈവദാസി മദർ ഏലിശ്വയാൽ സ്ഥാപിക്കപ്പെട്ട, കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ (റ്റി.ഒ.സി.ഡി)യിൽ നിന്നുമാണ് കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമ്മലൈറ്റ്സ് (സി.റ്റി.സി) കോൺഗ്രിഗേഷൻ ഓഫ് ദ മദർ ഓഫ് കാർമൽ (സി.എം.സി) എന്നീ സന്യാസിനീസഭകൾ ഉരുത്തിരിഞ്ഞുവന്നത്. ഇന്ന് സി.റ്റി.സി., സി.എം.സി സന്ന്യാസിനീസഭകൾ 150-ാം വാർഷികം ആഘോഷിക്കുമ്പോൾ കർമ്മലീത്ത നിഷ്പാദുക മൂന്നാം സഭ (റ്റി.ഒ.സി.ഡി)യും അതിന്റെ സ്ഥാപികയായ ദൈവദാസി മദർ എലീശ്വയും ഓർമ്മിക്കപ്പെടുന്നു. 19-ാം നൂറ്റാണ്ടിൽ വീടിന്റെ അകത്തളങ്ങളിലൊതുങ്ങിയിരുന്ന സ്ത്രീകളുടെ ജീവിതത്തിലേക്ക് ഒരു പുതുരുചി എത്തിക്കാൻ ഏലീശ്വാമ്മയുടെ ആത്മസമർപ്പണം വഴിയൊരുക്കി. അവരുടെ ജീവിതങ്ങളിലേക്ക് വിദ്യയുടെ പ്രകാശവും നല്ല മാതൃകയും നല്കി സമർപ്പിതജീവിതത്തിലേക്ക് അവർക്ക് വാതിൽ തുറന്നുനല്കിയത് മദർ ഏലീശ്വയുടെ ജീവിതത്തിലൂടെയും പ്രവർത്തനങ്ങളിലൂടെയുമാണ്. തനിക്ക് ദൈവം ദാനമായി നൽകിയ സിദ്ധി റിത്തുഭേതങ്ങളില്ലാതെ പങ്കിടാൻ മദർ ഏലീശ്വ തയ്യാറായി. കർശനമായ ആവൃതിയോടുകൂടി സ്വന്തം പുരയിടത്തിൽ, തന്റെ മകളോടും സഹോദരിയോടും കൂടെ തുടങ്ങിയ മഠത്തിന്റെ ആവൃതി മറ്റു റീത്തിൽ നിന്നെത്തിയ വനിതയ്ക്ക് മുൻപിൽ തുറന്നുകൊണ്ട് തന്റെ ഹൃദയവിശാലത അവൾ വെളിപ്പെടുത്തി. തന്റെയും മകളുടെയും പേരിൽ വാകയിൽ തറവാട്ടിൽ നിന്ന് ലഭിച്ച സ്വത്ത്, മഠത്തിന്റെ പേരിൽ എഴുതിവച്ചുകൊണ്ട് എല്ലാവരുമായി പങ്കുവച്ചു. പിന്നീടൊരിക്കലും ആ സ്വത്ത് തന്റേതായിരുന്നെന്ന് സൂചിപ്പിക്കുകപോലും ചെയ്യാതെ യാതൊരു വ്യത്യാസവും കാണിക്കാതെ മഠത്തിന്റെ അന്തേവാസികൾക്കായി ഉപയോഗിച്ചു. വർഷങ്ങൾക്കുശേഷം മദർ ഏലീശ്വയ്ക്കും മകൾക്കും പറയത്തക്ക സ്വത്തുണ്ടായിരുന്നില്ലെന്നും മറ്റുള്ളവരുടെ സ്വത്തിന്റെ ആദായത്തിലാണ് ഇത്രയും വർഷങ്ങൾ അവിടെ ജീവിച്ചതെന്നും വാദമുയർന്നപ്പോഴും ഈ ലോകത്തിന്റെ സ്വത്തിനുവേണ്ടി ഏലീശ്വാമ്മ വാദിച്ചില്ല. ഉപ്പിന്റെ പവിത്രമായ ധർമ്മം മനസ്സിൽ ധ്യാനിച്ച് അമ്മ പടിയിറങ്ങി. അവിടെ ഏലീശ്വാമ്മ പകർന്ന ഉപ്പിന്റെ രുചി അനശ്വരതയിലേക്കെത്തുകയായിരുന്നു. ദൈവരാജ്യത്തിലെ ഒളിക്കപ്പെട്ട നിധികൾ സ്വന്തമാക്കാൻ നശ്വരമായതെല്ലാം ത്യജിക്കണമെന്ന അവബോധം അമ്മയുടെ മനസ്സിൽ ആഴപ്പെട്ടിരുന്നെന്ന് ഏലീശ്വാമ്മയുടെ പ്രബോധനങ്ങൾ തെളിയിക്കുന്നു. "രണ്ട് യജമാനന്മാരെ സേവിക്കുവാൻ ആർക്കും കഴിയുകയില്ല. ആകയാൽ ലോകത്തെ ഉപേക്ഷിച്ച് ഈശോമിശിഹായോട് ഐക്യപ്പെട്ടുകൊണ്ട് "കർത്താവാണ്. എന്റെ ഓഹരി എന്നു നീ പാടുക....ലൗകിക സമ്പത്ത്, ബഹുമാനം, വിനോദങ്ങൾ എന്നിവയെക്കുറിച്ച് ആരെങ്കിലും സംസാരിക്കുന്നതു കേൾക്കുമ്പോൾ തന്നെ അത് വിനാശകരമാണെന്നു തിരിച്ചറിയുക."എന്റെ ദൈവമേ, അങ്ങയെയല്ലാതെ മറ്റുയാതൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. മറ്റൊന്നും എനിക്കുവേണ്ട" എന്ന് ചൊല്ലുക" എന്നാണ് ഏലിശ്വാമ്മ കുറിച്ചുവച്ചത്.

സ്ത്രീകൾ വീട്ടിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞ പത്തൊൻപതാം നൂറ്റാണ്ടിൽ ദൈവദാസി മദർ ഏലീശ്വ രണ്ടുപുതിയ പാതകളാണ് സ്ത്രീകൾക്കായി തുറന്നത്: സന്യാസിനീജീവിതവും പെൺകുട്ടികളുടെ വിദ്യാഭ്യാസവും. മദർ ഏലീശ്വയും സഹോദരിമാരും ചേർന്ന് പെൺകുട്ടികൾക്ക് സമഗ്രപരിശീലനമാണ് നൽകിയിരുന്നത്. കണക്ക്, ഭാഷ, തയ്യൽ, കൊന്തകെട്ട്, പ്രാർത്ഥന, വേദോപദേശം എന്നിവ അവരെ പഠിപ്പിച്ചു. 1868 ജാനുവരി 2-ന് വി. അന്നയുടെ നാമധേയത്തിൽ പെൺകുട്ടികൾകായി ഒരു ബോർഡിഗ് ഭവനം ആരംഭിച്ചു. പ്രത്യേകമായ ജീവിതശൈലിയും പ്രാർഥനയിലധിഷ്ഠിതമായ വിദ്യാഭ്യാസവും ഇവർക്ക് നൽകിയിരുന്നു. സ്ത്രീശാക്തീകരണത്തിന്റെ ഒരു നിശ്ചിത കാൽവെയ്പ്പാണിത്. 1868 ജൂലൈ 20 ഏലിയാ പ്രവാചകന്റെ തിരുനാൾ ദിവസമാണ് ബെർണഡിൻ ബെച്ചിനെല്ലി പിതാവ് സ്ത്രീവിദ്യാഭ്യാസം അപ്പോസ്തലപ്രവർത്തനമായി ഇവർക്ക് ഏല്പിച്ചുകൊടുത്തത്. പിന്നിട് ഒരു സ്കൂൾകെട്ടിടവും അനാഥശാലയും ലെയൊനാർഡ് മെല്ലാനോ പിതാവ് പണികഴിപ്പിച്ചു. ഈ ആദ്യ സന്യാസിനിസഭ വഴി സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കുകയും സമൂഹത്തിൽ അവരുടെ നിലവാരം പുരോഗമിക്കുകയും ചെയ്തു.

പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നല്കുന്നതിനായി അയക്കുന്നത് ഒരു ഉതപ്പായിപ്പോലും കണക്കാക്കിയിരുന്ന ഒരു സമൂഹത്തിൽ സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നല്കിയ വനിത എന്ന നിലയിലുള്ള മദർ ഏലീശ്വയുടെ പ്രവർത്തനങ്ങ്ൾ വളരെ വിലയേറിയതാണ്. കേരളത്തിൽ ആദ്യമായി പെൺകുട്ടികൾക്കായി കോൺവെന്റ് സ്കൂളും, ബോർഡിംഗും, ഓർഫണേജും സ്ഥാപിച്ച് പെൺകുട്ടികൾക്ക് സമഗ്രമായ വിദ്യഭ്യാസം നല്കുക വഴി കുടുംബങ്ങളിൽ ആത്മീയതയുടെ ഒരു പുതിയ ഉണർവ് നൽകുവാനും സ്ത്രീശാക്തീകരണത്തിൽ ഒരു നിശ്ചിതതുടക്കം കുറിക്കുവാനും ദൈവദാസി മദർ ഏലീശ്വയ്ക്ക് കഴിഞ്ഞു. സ്ത്രീകളുടെ ആത്മീയനിലവാരം മെച്ചപെട്ടത് കുടുംബങ്ങളുടെ ആത്മീയ ഉണർവിനും കാരണമായി. ഭർതൃശുശ്രൂഷയും കുട്ടികളുടെ വളർത്തലും മാത്രമായി ഒതുങ്ങികൂടിയിരുന്ന കേരളസ്ത്രീകൾക്ക് ഒരു പ്രത്യേകവീക്ഷണശൈലിയും പ്രാർഥനയിലധിഷ്ഠിതമായ വിദ്യാഭ്യാസവും നല്കുന്നതിന് മദർ എലിശ്വയ്ക്ക് കഴിഞ്ഞു.

### സ്വർണം ഉലയിലെന്നപോലെ

ഇപ്രകാരം 19-ാം നൂറ്റാണ്ടിലെ കേരള സമൂഹത്തിൽ പുതു രുചി പകരാനും പുതുവെളിച്ചം വിതറുന്ന പാത വെട്ടിത്തുറക്കാനും കഴിഞ്ഞത് സ്വന്ത ഇഷ്ടാനിഷ്ടങ്ങളുടെ തലങ്ങൾ പൂർണ്ണമായി വെടിഞ്ഞ് ദിവ്യകുഞ്ഞാടിന്റെ പെസഹാരഹസ്യങ്ങളോട് താദാത്മ്യപെട്ട ജീവിതത്തിലൂടെ മാത്രമാണ്. മദർ ഏലീശ്വ തന്റെ പ്രബോധനങ്ങളിൽ പറയുന്നുണ്ട്, 'സുവിശേഷകനായ വിശുദ്ധ യോഹന്നാൻ വെളിപാടിന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ, ഈശോയുടെ മണവാട്ടികൾ ആ ചെമ്മരിയാട്ടിൻകുട്ടിയെ എല്ലായിടത്തും പിൻചെല്ലുന്നു. ചെമ്മരിയാട്ടിൻകുട്ടിയായ ഈശോമിശിഹായാകട്ടെ, ഈ ഭൂമിയിൽ സന്തോഷങ്ങളുടെയും ബഹുമാനങ്ങളുടെയും വഴിയേയല്ല നടന്നത്; പ്രത്യുത ദുഃഖങ്ങളുടെയും വ്യാകുലങ്ങളുടെയും നിന്ദാവമാനങ്ങളുടെയും വഴിയേ അത്രേ. അതുകൊണ്ടാണ് വിശുദ്ധരായ കന്യാസ്ത്രീകൾ സകല കഷ്ടതകളെയും നിന്ദനങ്ങളെയും സ്നേഹിച്ചതും പീഡനങ്ങളെയും മരണത്തെത്തന്നെയും സസന്തോഷം സ്വീകരിച്ചതും'.

മദർ ഏലീശ്വയുടെ ജീവിതം മുഴുവൻ അമ്മ ധ്യാനിച്ച ഒരു സത്യമാണ് മിശിഹായുടെ പെസഹാരഹസ്യം. അമ്മ പറയുന്നു. 'ഈശോമിശിഹായുടെ പാടുപീഢകൾ എപ്പോഴും കൺമുമ്പാകെ ഉണ്ടായിരിക്കണം. പാടുപീഢകളെക്കുറിച്ചുള്ള ധ്യാനത്തിൽ നിന്നു ജനിക്കാത്ത സ്നേഹം ദുർബലമായിരിക്കും'.

സഹനം ദിവ്യസ്നേഹിതൻ നമ്മെ ശുദ്ധികരിച്ചെടുക്കാൻ നല്കുന്ന തീച്ചൂളയാണെന്ന സത്യം മദറിന്റെ ജീവിതത്തെ ചൂഴ്ന്നു നിന്നു. അതിനാൽ അവൾ സഹനങ്ങളിൽ പതറിയില്ല, പരാതിപ്പെട്ടില്ല, പരിഭവിച്ചുമില്ല. അവൾക്ക് സഹനം ദൈവദാനമായിരുന്നു, അത് ദൈവകരങ്ങളിൽ നിന്നാണ് അമ്മ ഏറ്റുവാങ്ങിയിരുന്നത്. അതിന് കർത്താവ് ഉപകരണമാക്കിയവരെ അവൾ കൂടുതൽ സ്നേഹിച്ചു. ഏലീശ്വാമ്മയ്ക്ക് സഹനം സ്നാനമായിരുന്നു. അതിൽ ഒരു കണിക പോലും നഷ്ടപ്പെടാതിരിക്കാൻ അവൾ പ്രത്യേകം ശ്രദ്ധിച്ചു.

ഏലീശ്വാമ്മ തന്റെ മക്കളെ ഉപദേശിച്ചു: 'ദിവസവും രാവിലെ എഴുന്നേല്ക്കുമ്പോൾത്തന്നെ അന്നു നേരിടാൻ പോകുന്ന സങ്കടങ്ങളും പ്രതിസന്ധികളും സമാധാനത്തോടെ സഹിക്കാൻ തയ്യാറായി ദൈവത്തിന് സ്വയം സമർപ്പിക്കുക. അവയെ നേരിടേണ്ടിവരുമ്പോൾ കർത്താവേ, അങ്ങയുടെ തിരുമനസ്സ് എപ്പോഴും നിറവേറട്ടെ എന്ന് ചൊല്ലുക. സഹനദാസന്റെ കാലടികൾ ശ്രദ്ധയോടെ പിന്തുടരാൻ ജീവിതം മുഴുവൻ ശ്രമിച്ച ഏലീശ്വാമ്മ സ്വർഗം ലക്ഷ്യംവച്ച് മുന്നേറിയവളാണ്. ഈ ജീവിതത്തിന്റെ നശ്വരത അവൾ മനസ്സിലാക്കിയിരുന്നു, അതിനാൽ ലോകത്തിന്റെ സുഖങ്ങളും സൗഭാഗ്യങ്ങളും ഇല്ലാതാകുമ്പോൾ അവൾ തെല്ലും പരിഭ്രമിച്ചില്ല, മറിച്ച് 'കർത്താവാണ് എന്റെ ഓഹരി' എന്ന് അവൾ പാടി. സഹനനിമിഷങ്ങൾ അമ്മയ്ക്ക് ദൈവികപദ്ധതിയുടെ ചുരുളഴിയലിന്റെ നിമിഷങ്ങളായിരുന്നു. അതിനാൽ സഹനങ്ങളൊന്നിലും മാനുഷികമായ ആശ്വാസങ്ങൾ തേടാതെ അമ്മ ദൈവതിരുമുൻപിൽ നിശ്ശബ്ദയായിരുന്നു. ആരെയും വേദനിപ്പിക്കാതെ, തനിക്കു ലഭിച്ച സഹനങ്ങളുടെയെല്ലാം വിലകെട്ടുപോകാതെ രഹസ്യമായി സൂക്ഷിച്ച് താൻ സ്ഥാപിച്ച സഭയിൽ ഉപ്പായി അലിഞ്ഞില്ലാതായി മദർ ഏലീശ്വ. 19-ാം നൂറ്റാണ്ടിലെ കേരളത്തിലെ സ്ത്രീകളുടെ ജീവിതത്തിൽ സന്ന്യാസത്തിന്റെ പുതുരുചി പകരാനും വിദ്യാഭ്യാസത്തിന്റെ പ്രകാശം പരത്താനും നന്മയുടെ പുളിമാവായിത്തീരാനും സാധിച്ച മദർ ഏലീശ്വ തലമുറകൾക്ക് കൈമാറിത്തന്ന ഉപ്പിന്റെ രുചി എന്നും അനേകർക്ക് ആശ്വാസമായി, സൗഖ്യമായി, പാതയിൽ വെളിച്ചമായി തലമുറകൾക്ക് പാഥേയമാകട്ടെ എന്ന് പ്രാർഥിക്കാം.